വിക്കിപീഡിയ
സ്വതന്ത്രസർവ്വവിജ്ഞാനകോശം

# വിക്കിസംഗമോത്സവം 2013
# വിക്കി സൈക്കിൾ യാത്ര ആരംഭിച്ചു

പത്രക്കുറിപ്പ്

മലയാളം വിക്കിസമൂഹത്തിന്റെ വാർഷിക സംഗമമായ വിക്കിസംഗമോത്സവത്തിന്റെ വിളംബരമായി വിക്കിസൈക്കിൾ യാത്ര ആരംഭിച്ചു. ഡിസംബർ 21 ന് ആലപ്പുഴയിൽ നടക്കുന്ന വിക്കിസംഗമോത്സവത്തിന്റെ ആദ്യ അനുബന്ധപരിപാടിയാണ് വിക്കിസൈക്കിൾ യാത്ര. വിക്കിപീഡിയയെ ഗ്രാമങ്ങളിലേക്കെത്തിക്കുക എന്ന ലക്ഷ്യമിട്ടാണ് വിക്കിപീഡിയ പ്രവർത്തകരും വിദ്യാർത്ഥികളും ചേർന്ന് സൈക്കിൾ യാത്ര സംഘടിപ്പിച്ചത്.

കണിച്ചുകളങ്ങരയിലെ പൊക്ലാശ്ശേരി എൽ.പി. സ്കൂളിൽ നടന്ന യോഗത്തിൽ ഗ്രാമപഞ്ചായത്തംഗം ഷീബ എസ്. കുറുപ്പ് യാത്രയ്ക്ക് പച്ചക്കൊടി വീശി. പ്രധാനാധ്യാപകൻ പി.വി ദിനേശൻ അദ്ധ്യക്ഷത വഹിച്ച യോഗത്തിൽ അഡ്വ. എം.പി. മനോജ്കുമാർ, അഡ്വ. ടി.കെ. സുജിത് എന്നിവർ സംസാരിച്ചു. എം. ഗോപകുമാർ, പി.വി. നാരായണപ്പണിക്കർ, ജി. അനിൽകുമാർ, ചന്ദ്രൻ തുടങ്ങിയവർ സൈക്കിൾ യാത്രയ്ക്ക് നേതൃത്വം നൽകി. അരീപ്പറമ്പ്, അർത്തുങ്കൽ, മാരാരിക്കുളം, കാട്ടൂർ, തുടങ്ങിയ സ്ഥലങ്ങളിലെ വിവിധ സ്കൂളുകൾ സന്ദർശിച്ച ജാഥ തുമ്പോളിയിൽ സമാപിച്ചു.

**വിക്കിയുവസംഗമം**

യുവാക്കൾക്കിടയിൽ വിക്കിപീഡിയയുടെ പ്രാധാന്യം പ്രചരിപ്പിക്കുക, വിക്കിപീഡിയ എഡിറ്റിംഗിൽ പരിശീലനം നൽകുക എന്നീ ലക്ഷ്യങ്ങളോടെ വിക്കിയുവസംഗമം സംഘടിപ്പിക്കുന്നു. ആലപ്പുഴയിൽ നടക്കുന്ന വിക്കസംഗമോത്സവത്തോടനുബന്ധിച്ച് നവംബർ 30 ന് ആലപ്പുഴ നഗരചത്വരത്തിൽ നടക്കുന്ന ഏകദിന പരിശീലനത്തിൽ ഹയർ സെക്കണ്ടറി - കോളേജ് വിദ്യാർത്ഥികളടക്കമുള്ള യുവാക്കൾക്ക് പങ്കെടുക്കാം. വിക്കിപീഡിയ എഡിറ്റിംഗ്, വിക്കിഗ്രന്ഥശാല ഡിജിറ്റൈസേഷൻ, ഇ-മലയാളം എഴുത്ത് തുടങ്ങിയവയിൽ പരിശീലനം നൽകും. സ്വതന്ത്ര സോഫ്റ്റ് വെയർ രംഗത്തെ യുവപ്രതിഭ ഇ. നന്ദകുമാർ വിക്കിയുവസംഗമം ഉത്ഘാടനം ചെയ്യും.

ഇന്റർ നെറ്റിലെ സ്വതന്ത്ര വിജ്ഞാന കോശമായ മലയാളം വിക്കിപീഡിയയിലെ പ്രവർത്തകരുടെ വാർഷിക കൂടിച്ചേരലാണ് വിക്കിസംഗമോത്സവം. ഡിസംബർ 21 ന് ആലപ്പുഴയിൽ ആരംഭിക്കുന്ന വിക്കിസംഗമോത്സവത്തനായുള്ള രജിസ്ട്രേഷൻ www.ml.wikipedia.org എന്ന വിലാസത്തിൽ മലയാളം വിക്കിപീഡിയയിൽ ആരംഭിച്ചിട്ടുണ്ട്.

നവംബർ 30 ന് രാവിലെ 10 മുതൽ വൈകിട്ട് 4 വരെ നടക്കുന്ന വിക്കിയുവ സംഗമത്തിലേക്കുള്ള പ്രവേശനം സൗജന്യമായിരിക്കും. പങ്കെടുക്കുവാൻ താല്പര്യമുള്ളവർക്ക് 9400203766, 9747014264 എന്നീ നമ്പരുകളിൽ വിളിച്ച് പേര് ചേർക്കാവുന്നതാണ്.

വിശ്വസ്ഥതയോടെ

**അഡ്വ. ടി.കെ. സുജിത്**
(9846012841)
ജനറൽ കൺവീനർ വിക്കിസംഗമോത്സവം